# വിദ്യാഭ്യാസ കച്ചവടത്തിന്റെ ഇസ്‌ലാമിക മാനം

■ *വിദ്യാഭ്യാസത്തിന്റെ സ്വകാര്യവത്കരണം ഇസ്‌ലാമികമായി ശരിയും അനുവദനീയവുമാണോ? വിദ്യാഭ്യാസ കച്ചവടത്തോടുള്ള ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സമീപനമെന്താണ്? ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനം വില കൊടുത്ത് വാങ്ങുന്നതും അതിൽ ലാഭ- നഷ്ട പങ്കാളിത്തത്തോടു കൂടി ഷെയർ എടുക്കുന്നതും അനുവദനീയമാണോ? ശരി തെറ്റുകളുടെ മാനദണ്ഡം ആപേക്ഷികവും സ്ഥലകാല പരിഗണനക്ക് വിധേയവുമാണോ?*

***ടി.എ ഫയാസ് വടുതല***

മനുഷ്യന് അറിയാതിരുന്ന കാര്യങ്ങൾ അവനെ പേനകൊണ്ട് പഠിപ്പിച്ച നാഥന്റെ നാമത്തിൽ വായിക്കാനുള്ള ആഹ്വാനവുമായി അവതരണം ആരംഭിച്ച വിശുദ്ധ ഖുർആൻ, മലക്കുകളേക്കാളുപരി മനുഷ്യന് കൽപിച്ച ശ്രേഷ്ഠതക്ക് അടിസ്ഥാനം വിദ്യാഭ്യാസമാണെന്ന് ആദ്യ പിതാവ് ആദമിന്റെ അനുഭവത്തിലൂടെ വരഞ്ഞുകാണിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ ദാസന്മാരിൽ അവനെ ഭയപ്പെടുന്നവർ പണ്ഡിതന്മാരാണെന്നും വേദഗ്രന്ഥം പഠിച്ചും പഠിപ്പിച്ചുമാണ് നിഷ്കളങ്കരായ ദൈവദാസന്മാരാവേണ്ടത് എന്നും ഖുർആൻ വ്യക്തമാക്കുന്നു. ജ്ഞാനം വർധിപ്പിച്ചുതരാൻ പ്രാർഥിക്കണമെന്നാണ് പ്രവാചകനോടുള്ള അല്ലാഹുവിന്റെ ഉപദേശം. വിദ്യ തേടി പുറപ്പെട്ടവൻ തിരിച്ചെത്തുന്നതുവരെയും അല്ലാഹുവിന്റെ പരിരക്ഷയിലായിരിക്കും എന്ന് പഠിപ്പിച്ച പ്രവാചകൻ, പ്രയോജനകരമായതൊക്കെയും പഠിപ്പിച്ചുതരാനും പഠിച്ചത് പ്രയോജനകരമാക്കിത്തീർക്കാനും അല്ലാഹുവിനോട് പ്രാർഥിച്ചിരുന്നു. ജ്ഞാനം മറച്ചു വെക്കുന്നത് മഹാ പാതകമായി ഇസ്‌ലാം കണക്കാക്കുന്നു.

ഇതാണ് വിദ്യയെക്കുറിച്ച ഇസ്‌ലാമിന്റെ കാഴ്ചപ്പാടെങ്കിൽ അതൊരിക്കലും വിൽപനച്ചരക്കായിക്കൂടാ. മറ്റേത് സേവനത്തെയും പോലെ വിദ്യാഭ്യാസ സേവനത്തിലേർപ്പെട്ടവനും ഉപജീവനത്തിന് പ്രതിഫലം സ്വീകരിക്കാം. ഖുർആൻ അധ്യാപനത്തിന് ലഭിക്കുന്ന പ്രതിഫലം ശ്രേഷ്ഠതരമാണെന്ന് നബിവചനങ്ങളിലുണ്ട്. എന്നിരിക്കെ മറ്റു വിജ്ഞാനങ്ങളുടെ കാര്യത്തിലും അത് ഹിതകരമാണെന്ന് വരുന്നു. വിശിഷ്യാ വ്യവസ്ഥാപിത വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന സൗകര്യങ്ങളും അധ്യാപനത്തിന്റെ വൈദഗ്ധ്യവും പരിശീലനവും പഠനോപകരണങ്ങളുമൊക്കെ സാമ്പത്തിക ബാധ്യത ആവശ്യപ്പെടുന്നതിനാൽ തീർത്തും സൗജന്യമായി നൽകാവുന്ന സേവനമല്ല വിദ്യാഭ്യാസം. ചെലവുകൾ കൂടുംതോറും പ്രതിഫലത്തുകയും വർധിക്കുക സ്വാഭാവികമാണ്. എന്നാൽ രണ്ട് കാര്യങ്ങളിൽ പൂർണ സൂക്ഷ്മത പുലർത്തിയേ മതിയാവൂ. ഒന്ന്, വിദ്യാഭ്യാസത്തെ വെറും കച്ചവടമായി കാണുകയോ ചൂഷണോപാധിയാക്കുകയോ ലാഭ-ചേത കണ്ണോടെ അതിന്റെ യഥാർഥ ലക്ഷ്യത്തെ പരാജയപ്പെടുത്തുകയോ ചെയ്യരുത്. രണ്ട്, താൽപര്യവും ബുദ്ധിശക്തിയുമുള്ള മനുഷ്യന് പണമില്ലാത്തതുകൊണ്ടുമാത്രം വിദ്യാഭ്യാസം നിഷേധിക്കപ്പെടരുത്. അത്തരക്കാരുടെ വിദ്യാഭ്യാസം സമൂഹത്തിന്റെയും സ്റ്റേറ്റിന്റെയും ബാധ്യതയാണ്. ആധുനിക മതപണ്ഡിതരിൽ പലരും സകാത്തിന്റെ എട്ട വകാശികളിൽ ഒന്നായ 'അല്ലാഹുവിന്റെ മാർഗത്തിൽ' എന്നതിന്റെ പരിധിയിൽ വിദ്യാഭ്യാസത്തെയും ഉൾപ്പെടുത്തിയിരിക്കുന്നു.

കീശയിൽനിന്ന് കാശെടുത്ത് ഭൂമിയും കെട്ടിടവും ഉപകരണങ്ങളും സജ്ജമാക്കി വിദ്യാഭ്യാസ സ്ഥാപനം ഉണ്ടാക്കിയവർ അത് കൈമാറിക്കൂടെന്നോ മറ്റാരും അത് വാങ്ങരുതെന്നോ പറയാൻ ന്യായങ്ങളില്ല. എന്നാൽ സംഭാവനകളിലൂടെ സ്ഥാപിതമായ സ്ഥാപനങ്ങൾ വഖ്ഫിന്റെ പരിധിയിൽ വരുന്നു. പൊതുഖജനാവ് ശമ്പളം നൽകുന്ന തസ്തികകളിൽ കോഴ നിയമനം നടത്തുന്നത് തെറ്റാണെന്നിരിക്കെ ആ അവകാശം വിൽക്കുന്നതും തെറ്റായിത്തന്നെ കണക്കാക്കപ്പെടും. ശരിയുടെയും തെറ്റിന്റെയും മാനദണ്ഡങ്ങൾ സ്ഥലകാല പരിമിതികൾക്കതീതമാണ്. അതേസമയം ഒരു കാര്യം ശരിയെന്നോ തെറ്റെന്നോ വിധിക്കുന്നേടത്ത് കാഴ്ചപ്പാടുകളുടെ അന്തരമുണ്ടാവാം. ഇസ്‌ലാമിക പ്രസ്ഥാനം വിദ്യാഭ്യാസത്തെ മഹത്തായ സേവനമായും സാമൂഹിക ഉത്തരവാദിത്വമായും കാണുന്നു, കച്ചവടമായി ഒരിക്കലും അംഗീകരിക്കുന്നില്ല. ഷെയറെടുത്തോ അല്ലാതെയോ സ്വകാര്യമേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പാടില്ലെന്ന് പറയാൻ ന്യായമോ കാരണങ്ങളോ കാണുന്നില്ല. പ്രത്യേകിച്ചും തൊഴിലധിഷ്ഠിത സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നവരുടെ ലക്ഷ്യവും കേവലം സേവനമല്ലെന്നിരിക്കെ ശേഷിയുള്ളവരിൽനിന്ന് ന്യായമായ ഫീസീടാക്കി മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നത് മുതിർന്ന മതപണ്ഡിതന്മാർ വിലക്കിയതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. ചതിയും കളവും തട്ടിപ്പും ഒരു മേഖലയിലും പാടില്ലാത്ത പോലെ വിദ്യാഭ്യാസരംഗത്തും നിഷിദ്ധമാണെന്ന് പറയേണ്ടതില്ലല്ലോ.

## മൃഗീയമായ സ്ത്രീ പീഡനം

■ *കോളേജിൽ പഠിച്ചുകൊണ്ടിരുന്ന എന്റെ മകളെ എട്ടു വർഷങ്ങൾക്കു മുമ്പ് യാതൊരു ഉപാധിയുമില്ലാതെ അത്യാവശ്യം സ്വർണാഭരണങ്ങൾ നൽകി വിവാഹം ചെയ്തയച്ചു. വിവാഹ ശേഷം ഒമ്പത് മാസം കഴിഞ്ഞ് ഗർഭിണിയായ മകളുടെ സ്വർണാഭരണങ്ങളും വിവാഹസമയത്ത് ഭർത്താവ് നൽകിയ*

*മഹ്റും ഭർതൃവീട്ടുകാർ കൈവശപ്പെടുത്തി. ഗർഭിണിയായ മകളെ സ്ത്രീധനം ആവശ്യപ്പെട്ടുകൊണ്ടും കൂടുതൽ സ്വർണാഭരണം ചോദിച്ചുകൊണ്ടും ഭർത്താവ് ഞങ്ങളുടെ വീട്ടിൽ കൊണ്ടുവന്ന് വിട്ടു.*

*അവർ ആവശ്യപ്പെട്ട സമയത്ത് സ്ത്രീധനസംഖ്യയും കൂടുതൽ സ്വർണാഭരണവും കൊടുക്കാത്തതിന്റെ പേരിൽ പലപ്പോഴും വീട്ടിലേക്ക് ഫോൺ ചെയ്ത് ശല്യപ്പെടുത്തുകയും, ഞങ്ങൾക്കുണ്ടായിരുന്ന കൂട്ടു ബിസിനസ്സിലെ വണ്ടി ഓടിപ്പിക്കുകയില്ലെന്നുകൂടി ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തുകയും താമസിയാതെ ആ വണ്ടി ഞങ്ങളുടെ വീടിന്റെ മുമ്പിൽനിന്ന് ഒരു രാത്രി ആരോ മോഷ്ടിച്ചുകൊണ്ടുപോവുകയും ചെയ്തു. തന്നിമിത്തം കൂട്ടു ബിസിനസ് തകരുകയും വണ്ടിയുടെ നഷ്ടത്തിനു പുറമെ ബിസിനസ്സിലെ നഷ്ടവും കൂടി ഭീമമായ സംഖ്യ കടം വരികയും മൊത്തം കടബാധ്യത ഞങ്ങളുടെ മേൽവന്ന് ചേരുകയും ബിസിനസ് പങ്കാളികൾ ഒഴിഞ്ഞുമാറുകയും ചെയ്തു.*

*വീടും പറമ്പും വിറ്റ് കടങ്ങൾ തീർക്കേണ്ടിവന്നിട്ടും കടങ്ങൾ ബാക്കി വന്ന ഞങ്ങൾ വാടക വീട്ടിൽ താമസിച്ചുകൊണ്ടിരിക്കെ മകളുടെ ഭർത്താവും ഭർത്താവിന്റെ വീട്ടുകാരും ഞങ്ങളുടെ കുടുംബനാഥനെ സമൂഹ മധ്യത്തിൽ തെറ്റിദ്ധരിപ്പിക്കുകയും അവരുടെ പഴയ ഭീഷണി ആവർത്തിക്കുകയും ചെയ്തുകൊണ്ടിരുന്നു. സഹികെട്ട് ഞങ്ങൾ സ്വന്തം നാട് ഉപേക്ഷിച്ചു. മകളുടെ സ്വർണാഭരണങ്ങളും മറ്റും അവർ കൈവശപ്പെടുത്തിയിരുന്നത് മധ്യസ്ഥന്മാർ മുഖേന കിട്ടാനുള്ള സകല ശ്രമങ്ങളും വിഫലമായതിനാൽ നിർബന്ധസാഹചര്യമെന്ന് മനസ്സിലാക്കി നഷ്ടപ്പെട്ട അവകാശം തിരിച്ചുകിട്ടുമെന്ന് കരുതി കോടതിയെ സമീപിച്ചു. സഹികെട്ട ഞങ്ങൾ കോടതി മുഖേന മകളുടെ ത്വലാഖ് വാങ്ങിക്കുകയും ചെയ്തു. ഒരു കുട്ടിയുണ്ട്.*

*ആയതിനാൽ ഞങ്ങൾ നഷ്ടപ്പെട്ട അവകാശം കിട്ടുന്നതുവരെ അവരുടെ ശൈലി സ്വീകരിച്ചുകൊണ്ട് കോടതിയിൽ കേസ് തുടരുന്നതിൽ അല്ലാഹുവിന്റെ കോടതിയിൽ ഞങ്ങൾ ശിക്ഷിക്കപ്പെടുമോ? ഞങ്ങൾ അവരോട് ഇതേവരെ നടത്തിയ നിയമപരമായ പോരാട്ടം പുണ്യകരമാവുമോ? അതല്ല കുറ്റകരമായിത്തീരുമോ? ഇക്കാര്യത്തിൽ ഇസ്‌ലാമിക ദൃഷ്ട്യാ ഏതു സമീപനമാണ് സ്വീകരിക്കേണ്ടത്?*

***ഫാത്വിമ കൊടുങ്ങല്ലൂർ***

**ഒ**രു പക്ഷത്തെ പരാതി മാത്രം കേട്ട് ഇത്തരം പ്രശ്നങ്ങളിൽ അഭിപ്രായം പറയുന്നത് നീതിയുക്തമാവില്ല. സ്ത്രീധന പീഡനവും ഭാര്യാ പീഡനവും നമ്മുടെ സമൂഹത്തിന്റെ ശാപങ്ങളായി തുടരുമ്പോൾ തന്നെ ഭർത്താവിന്റെയോ ഭർതൃകുടുംബത്തിന്റെയോ പേരിൽ ഭാര്യാ വീട്ടുകാർ ആരോപിക്കുന്നതൊക്കെ അപ്പടി ശരിവെക്കാൻ അനുഭവങ്ങൾ സഹായിക്കുന്നില്ല. പ്രത്യേകിച്ച് വിവാഹമോചന കേസോ ജീവനാംശ കേസോ കോടതിയിലെത്തിയാൽ ശക്തിയും കൊഴുപ്പും കൂട്ടാൻ വക്കീലന്മാർ ഭാവനയെ പരമാവധി വികസിപ്പിക്കുക പതിവാണ്. ഇസ്‌ലാമിക ശരീഅത്ത് പ്രകാരം അന്യായമോ പരിധിവിട്ടതോ ആയ അവകാശവാദങ്ങൾക്കു വേണ്ടി ആണായാലും പെണ്ണായാലും കോടതി കയറാൻ പാടില്ല. പ്രവാചകന്റെ സന്നിധിയിൽ ഒരാൾ മറ്റൊരാൾക്കെതിരെ ധനമിടപാട് സംബന്ധമായി പരാതി ബോധിപ്പിച്ചു. നബി(സ)യുടെ വിചാരണയിൽ പ്രതി കുറ്റം നിഷേധിച്ചു. അന്യായക്കാരന്റെ പക്കൽ തെളിവുകളോ സാക്ഷികളോ ഉണ്ടായിരുന്നില്ല. തിരുമേനി ഇരു പക്ഷത്തെയും സത്യത്തിന് വിട്ടു. രണ്ടു പേരും സ്വന്തം നിലപാടിൽ ഉറച്ചുനിന്ന് സത്യവും ചെയ്തു. പിന്നീട് സ്വാഭാവികമായും പ്രതിയെ വെറുതെ വിടുകയേ ന്യായാധിപനെന്ന നിലയിൽ പ്രവാചകന് നിർവാഹമുണ്ടായിരുന്നുള്ളൂ. പക്ഷേ, ഒരു കാര്യം തിരുമേനി പ്രത്യേകം ഓർമിപ്പിച്ചു: 'പ്രത്യക്ഷത്തിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് നാം വിധിക്കുന്നത്; സ്വകാര്യങ്ങൾ അല്ലാഹുവിന്റെ ചുമതലയിലാണ്. അതിനാൽ എന്റെ വിധി പ്രകാരമാണെങ്കിൽ പോലും അന്യന്റെ അവകാശമാണ് ഒരാൾ ഭുജിക്കുന്നതെങ്കിൽ അയാൾ നരകാഗ്നിയാണ് അകത്താക്കുന്നതെന്ന് മനസ്സിലാക്കിയിരിക്കട്ടെ'. അതിനാൽ അന്യായമായ അവകാശവാദങ്ങളുമായി കോടതികളെ സമീപിക്കുന്നവർ ഈ താക്കീത് ഓർത്തിരിക്കേണ്ടതാണ്.

ചോദ്യകർത്താവ് അവതരിപ്പിച്ച പ്രശ്നം അവർ വിവരിച്ച പോലെയാണെങ്കിൽ അത് അങ്ങേയറ്റം സങ്കടകരവും പ്രതിഷേധാർഹവുമാണെന്ന കാര്യത്തിൽ തർക്കമില്ല. സ്ത്രീധനമെന്ന് പേരിട്ടാണെങ്കിലും അല്ലെങ്കിലും ഒരു പെൺകുട്ടിയെ നിയമാനുസൃതം വിവാഹം ചെയ്തുകൊടുത്തു എന്ന 'മഹാ പാതക'ത്തിന്റെ പേരിൽ അവളുടെ കുടുംബം നിരന്തരം വേട്ടയാടപ്പെടുന്ന സാഹചര്യം ഒരിക്കലും പൊറുപ്പിക്കാവുന്നതല്ല. നീതി ലഭിക്കാൻ ബന്ധപ്പെട്ട മഹല്ല് ഭാരവാഹികളെയും പൗര പ്രമുഖരെയും നിവൃത്തിയില്ലെങ്കിൽ കോടതിയെയും സമീപിക്കാൻ ഭാര്യക്കും കുടുംബത്തിനും തീർച്ചയായും അവകാശമുണ്ട്. പീഡിതരുടെ കൂടെയാണ് അല്ലാഹു. പീഡിതരുടെ പ്രാർഥനക്ക് അല്ലാഹു ഉത്തരം നൽകുമെന്നതു കൊണ്ട് കരുതിയിരിക്കാൻ ഉപദേശിച്ചത് നബി(സ)യാണ്. മോശമായ കാര്യം പരസ്യമായി പറയാൻ പാടില്ലെന്ന് പറഞ്ഞ ഖുർആൻ, പീഡിതനെ അതിൽനിന്നു പോലും ഒഴിവാക്കിയിരിക്കുന്നു. സ്വജീവന്റെയും ധനത്തിന്റെയും അഭിമാനത്തിന്റെയും സുരക്ഷക്കുവേണ്ടി ജീവൻ നൽകേണ്ടിവന്നവൻ രക്തസാക്ഷിയാണെന്നാണ് നബി വചനം. എന്നിരിക്കെ നീതിക്കുവേണ്ടിയുള്ള നിയമപരമായ പോരാട്ടം തെറ്റാണെന്നു പറയാൻ ആർക്കുമാവില്ല. ആദ്യം സൂചിപ്പിച്ച പോലെ ഏതു പോരാട്ടവും സത്യസന്ധമായിരിക്കണമെന്നു മാത്രം.

## വിദ്വേഷം പതഞ്ഞൊഴുകുമ്പോൾ

■ *'കഴിഞ്ഞ 50 വർഷത്തിനിടയിൽ ചേന്ദമംഗല്ലൂരിൽനിന്ന് ഉണ്ടായത് എട്ട് ഡോക്ടർമാരും 20-ൽ താഴെ എഞ്ചിനീയർമാരുമാണ്. കോളേജ് അധ്യാപകർ നാലോ അഞ്ചോ മാത്രം. സർക്കാർ-അർധ സർക്കാർ -സ്വകാര്യ മേഖലകളിലുള്ളവരുടെ എണ്ണവും നാമമാത്രം. മാധ്യമം പത്രാധിപർക്കും സഹോദരനും പത്താം ക്ലാസ്സിനപ്പുറം-ഒരു അക്കാദമിക് ഡിഗ്രിയില്ലാതെ പോയത്- ശരാശരി ബുദ്ധിയില്ലാത്തതുകൊണ്ടല്ല. മറിച്ച്, ആധുനിക മതനിരപേക്ഷ ഭൗതിക വിദ്യാഭ്യാസം അനിസ്‌ലാമികമാണെന്ന് ജമാഅത്തെ ഇസ്‌ലാമി പ്രചരിപ്പിച്ചതുകൊണ്ടാണ്. അതേസമയം അരീക്കോട് ഗ്രാമത്തിൽ ചേന്ദമംഗല്ലൂരിനേക്കാൾ പരശ്ശതം ഡോക്ടർമാരും എഞ്ചിനീയർമാരും അധ്യാപകരും അഭിഭാഷകരുമുണ്ടെന്നും ഇതിനു കാരണം അവിടെ മുജാഹിദ് പ്രസ്ഥാനം സജീവമായതുകൊണ്ടും, വിദ്യാഭ്യാസത്തിന് മുൻഗണന നൽകിയതുകൊണ്ടുമാണ്' (സമകാലിക മലയാളം വാരിക 2008 മെയ് 9 ലക്കത്തിൽ ഒരു മുജാഹിദ് എഴുതിയത്).*

*പ്രസ്ഥാനത്തിന് കീഴിലുള്ള സ്ഥാപനത്തിലെ നിയമനത്തിന് സമുദായത്തിലുള്ളവരെ മാത്രമേ പരിഗണിക്കുന്നുള്ളൂവെന്നും ഇതിനു കാരണം ജമാഅത്തെ ഇസ്‌ലാമിയെ പോലെയുള്ള തീവ്ര*

*വർഗീയ സംഘടനകളുടെ സഹജ സ്വഭാവമായ അമാനവിക ഹൃദയ സങ്കുചിതത്വ മനോഭാവമാണെന്നും കുറിപ്പ് ചൂണ്ടിക്കാണിക്കുന്നു. അതേസമയം ചേന്ദമംഗല്ലൂരിൽനിന്ന് ആറു കിലോമീറ്റർ അകലെയുള്ള ഒരു മുസ്‌ലിം മാനേജ്മെന്റ് വിദ്യാഭ്യാസ സ്ഥാപനത്തിൽ ഒട്ടേറെ അമുസ്‌ലിം ജീവനക്കാർ ഉള്ളതായും എഴുതുന്നു. മൂർഖ വിഷമുള്ള, തീവ്ര വർഗീയാടിസ്ഥാനത്തിലുള്ള ഒന്നാണ് ജമാഅത്തെ ഇസ്‌ലാമിയുടെ പ്രത്യയശാസ്ത്രമെന്ന് കുറിപ്പ് തുടരുന്നു.*

*മത സംഘടനയിൽനിന്നുള്ള ദുഷ്ട ലാക്കോടു കൂടിയ ഇത്തരം തീവ്ര പരാമർശങ്ങളുടെ പിന്നിലെ യഥാർഥ ചേതോവികാരം എന്തായിരിക്കും?*

***വി. ഹശ്ഹാശ് കണ്ണൂർ സിറ്റി***

**മൂ**ക്കത്ത് നിന്ന് ചേന്ദമംഗല്ലൂരിലേക്കുള്ള ദൂരം' എന്ന തലക്കെട്ടിൽ ചേന്ദമംഗല്ലൂരിലെ ജമാഅത്ത് വിരുദ്ധ ലോബി നൽകിയ ദുരുപദിഷ്ട വ്യാജങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ലേഖനം *സമകാലിക മലയാളം* വാരിക പ്രസിദ്ധീകരിച്ചിരുന്നു. അതിന് വസ്തുനിഷ്ഠമായ മറുപടി ചേന്ദമംഗല്ലൂർ ഇസ്‌ലാഹിയ അസോസിയേഷൻ സെക്രട്ടറി അതേ വാരികയിൽ നൽകി. ഈ മറുപടിയോടുള്ള രോഷം തീർത്തതാണ് ചോദ്യകർത്താവ് സൂചിപ്പിച്ച ലേഖനം.

ഏതാണ്ട് അര ലക്ഷത്തോളം ജനസംഖ്യയുള്ള അരീക്കോട് പഞ്ചായത്തും കഷ്ടിച്ചു 5000 മാത്രം ജനങ്ങൾ താമസിക്കുന്ന ചേന്ദമംഗല്ലൂർ ഗ്രാമവും തമ്മിൽ ആനുപാതികമായി താരതമ്യമില്ല എന്നതാണ് ഒന്നാമത്തെ കാര്യം. അതേസമയം ഇസ്‌ലാമിക പ്രസ്ഥാനത്തിന് അമ്പതുകളുടെ തുടക്കത്തിൽതന്നെ വേരോട്ടം ലഭിച്ച ചേന്ദമംഗല്ലൂരിൽ സാക്ഷരത നൂറ് ശതമാനമാണ്. 60 ശതമാനത്തോളം എസ്.എസ്.എൽ.സിയോ അതിനു മീതെയോ വിദ്യാഭ്യാസം നേടിയവരാണ്; 400 ഓളം പേർ ബിരുദധാരികളും. ഇവരിൽ ഡോക്ടർമാരും എഞ്ചിനീയർമാരും പണ്ഡിതന്മാരും അധ്യാപകരും പത്രപ്രവർത്തകരും മറ്റു സർക്കാർ ഉദ്യോഗസ്ഥരും വേണ്ടത്ര; പുറമെ നാനൂറിൽ പരം ഗൾഫ് പ്രവാസികൾ ഗ്രാമത്തിന്റെ മുഖഛായതന്നെ മാറ്റിയിരിക്കുന്നു. ആരോഗ്യവാന്മാരായ പുരുഷന്മാരിൽ തൊഴിൽ രഹിതർ മിക്കവാറും ആരും ഇല്ല. സ്ത്രീകളിൽ ഗണ്യമായ പങ്ക് അധ്യാപകരോ മറ്റു തൊഴിലെടുക്കുന്നവരോ ആണ്. ഈ നേട്ടങ്ങളത്രയും കൈവരിക്കുന്നതിന് മുഖ്യ നിമിത്തമായത് ജമാഅത്ത് സ്ഥാപിച്ച അൽ മദ്റസത്തുൽ ഇസ്‌ലാമിയ്യ (1952), ഇസ്‌ലാമിയാ കോളേജ് (1962), മദ്റസത്തുൽ ബനാത്ത് (1960), ചേന്ദമംഗല്ലൂർ ഹയർ സെക്കന്ററി സ്കൂൾ (1964) എന്നിവയാണ്. 1989-ൽ കൊടിയത്തൂരിലെ വാദിർറഹ്മയിൽ അസോസിയേഷൻ സ്ഥാപിച്ച അൽ ഇസ്‌ലാഹ് ഓർഫനേജ്, വാദിർറഹ്മ ഇംഗ്ലീഷ് സ്കൂൾ, അൽ ഇസ്‌ലാഹ് ഇംഗ്ലീഷ് സ്കൂൾ തുടങ്ങിയ മറ്റു സ്ഥാപനങ്ങളും ചേന്ദമംഗല്ലൂരിന്റെ മാത്രമല്ല മൊത്തം കേരളത്തിന്റെ തന്നെ വിദ്യാഭ്യാസരംഗത്ത് നിറവേറ്റിയ സേവനത്തെ രാജ്യത്തിനകത്തും പുറത്തുമുള്ള മഹദ് വ്യക്തിത്വങ്ങൾ മുക്തകണ്ഠം പ്രകീർത്തിച്ചിട്ടുള്ളതാണ്. ഇതിൽ കണ്ണുകടിയുള്ള ഒരു ചെറിയ സംഘം രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും പേരിൽ സംഘടിച്ചു നിരന്തരം നടത്തിക്കൊണ്ടിരിക്കുന്ന അങ്ങേയറ്റം വിഷലിപ്തമായ പ്രചാരണത്തിന്റെ സാമ്പിളാണ് ചോദ്യത്തിൽ സൂചിപ്പിച്ച ലേഖനം. കോടതികളിൽ നിരന്തരം കയറിയിറങ്ങി പരാജയം ഏറ്റുവാങ്ങിയിട്ടും വൈരനിര്യാതനം തുടരുന്നു. ഏറ്റവും ഒടുവിൽ നൂറ്റാണ്ട് പഴക്കമുള്ള ചേന്ദമംഗല്ലൂർ ഒതയമംഗലം ജുമുഅത്ത് പള്ളി ഭരണസമിതിയിലേക്ക് ചരിത്രത്തിലാദ്യമായി ബാലറ്റ് അടിസ്ഥാനത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ, മുൻ സിമി പ്രവർത്തകരുൾപ്പെട്ട 'ഗ്രെയ്സു'മായി സഖ്യമുണ്ടാക്കി മത്സരിച്ച മുജാഹിദ് ഗ്രൂപ്പിന് നേരിട്ട ഭീമമായ പരാജയം, അവർ നാളിതുവരെ സർവശക്തിയും ഉപയോഗിച്ചു നടത്തിയ ദുഷ്പ്രചാരണങ്ങളുടെ മുനയൊടിക്കുന്നതായിരുന്നു. 11 അംഗ ഭരണസമിതിയിലെ മുഴുവൻ സീറ്റുകളും ജമാഅത്ത് പാനൽ 399-603 വോട്ടുകൾ വാങ്ങി തൂത്ത് വാരിയപ്പോൾ, 203 -223 വോട്ടിലൊതുങ്ങി പരാജയപ്പെട്ട മുജാഹിദ് പാനലിന്റെ ജനപിന്തുണ.

സംസ്ഥാനത്ത് കോഴ വാങ്ങാതെ ന്യൂനപക്ഷ സ്വഭാവവും മെരിറ്റും മാത്രം പരിഗണിച്ച് നിയമനം നടക്കുന്ന സ്ഥാപനമെന്ന നിലയിൽ പ്രസിദ്ധമാണ് ഇസ്‌ലാഹിയാ അസോസിയേഷൻ നടത്തുന്ന ചേന്ദമംഗല്ലൂർ ഹയർ സെക്കന്ററി സ്കൂൾ. അസോസിയേഷൻ തന്നെ നടത്തുന്ന വാദിർറഹ്മ ഇംഗ്ലീഷ് സ്കൂളിലെ സ്റ്റാഫിൽ ഗണ്യമായ പങ്ക് അമുസ്‌ലിംകളായിരിക്കെ സമുദായ മൈത്രിയും വിശാല വീക്ഷണവും തേടി ആറു കിലോമീറ്റർ സഞ്ചരിക്കേണ്ട ഗതികേട് ഇപ്പോഴില്ല. ഐഡിയൽ പബ്ലിക്കേഷൻ ട്രസ്റ്റ് നടത്തുന്ന *മാധ്യമം* പത്രസ്ഥാപനത്തിലെ ആൺ-പെൺ- ഹിന്ദു-മുസ്‌ലിം-ക്രിസ്ത്യൻ-നായർ-ഈഴവ-സുന്നി-മുജാഹിദ്- മുസ്‌ലിംലീഗ്-കമ്യൂണിസ്റ്റ്-കോൺഗ്രസ്-ജമാഅത്തെ ഇസ്‌ലാമി കൂട്ടായ്മക്ക് തുല്യമായൊരു മതേതര ബദൽ ചൂണ്ടിക്കാട്ടാനാവുമോ ജമാഅത്ത് വിരോധം ഇത്രമേൽ മൂർഛിച്ച ഇവർക്ക്?

## വൈവാഹിക പ്രസംഗം

■ *"നിക്കാഹിന് മുമ്പായി വിവാഹത്തിന്റെ മഹത്വവും മറ്റും മലയാളത്തിൽ പ്രസംഗിക്കുന്നതിനോ പറയുന്നതിനോ വിരോധമില്ല............ ജുമുഅ ഖുത്ബക്ക് നാം എതിർക്കുന്ന കാരണങ്ങൾ നിക്കാഹിന്റെ സദസ്സിൽ ഇല്ലാത്തതിനാലും നബി(സ) യിൽനിന്നോ സ്വഹാബത്തിൽനിന്നോ നിരോധം വന്നിട്ടില്ലാത്തതിനാലും പ്രസ്തുത പ്രസംഗം എതിർക്കപ്പെടേണ്ടതില്ല" (സുന്നത്ത് മാസിക 2008 മെയ്).*

*പെൺകുട്ടി ഇറങ്ങട്ടെ എന്ന് കരുതി എത്രയോ സ്ഥലത്ത് മലയാള പ്രസംഗ മോഹം മടക്കിവെച്ച് അറബി നിക്കാഹ് നടത്തേണ്ടിവരുന്ന നാട്ടിൻപുറ സംഭവങ്ങൾക്ക് ഇനിയൊരു പരിഹാരമാകുമെന്ന് കരുതാമോ?*

***എം. അഹ്മദ് ബാബു പാലത്ത്***

**ശ**രീഅത്തിൽ വിവാഹം സാധുവാകാൻ ഒരു കാർമികന്റെയും പ്രസംഗത്തിന്റെയും ആവശ്യമില്ല. കേവലമൊരു ആചാരമാണ് നിക്കാഹ് ഖുത്ബ. അത് ശ്രോതാക്കൾക്ക് മനസ്സിലാവുന്ന ഭാഷയിലായാൽ നന്നായി എന്നു മാത്രം. ജുമുഅ ഖുത്ബ അങ്ങനെയല്ല. അത് നിർബന്ധമാണ്. വിശ്വാസികളെ ബോധവത്കരിക്കുകയാണ് ലക്ഷ്യം. ലക്ഷ്യം നിറവേറ്റണമെങ്കിൽ ശ്രോതാക്കളെ അറബി പഠിപ്പിക്കണം. അല്ലെങ്കിൽ അവരുടെ ഭാഷയിൽ ഖുത്ബ നിർവഹിക്കണം. രണ്ടുംകെട്ട ശാഠ്യത്തിനു എന്തു ന്യായം? ■